**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **12-10-2021 - ൽ മറുപടിയ്ക്ക്**

**വീട്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീട്ടുകളിൽ സബ്സിഡി നിരക്കിൽ സ്വകാര്യ കമ്പനികളുമായി ചേർന്ന് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കാമോ ? പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് വീട്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടോ ? പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താനുള്ള കാലതാമസം ഒഴിവാക്കുമോ ? | (എ) | മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ ഫേസ് II സബ്സിഡി പദ്ധതിയുടെ ഗൈഡ് ലൈൻസ് പ്രകാരം വീട്ടുകളിൽ കേന്ദ്രസർക്കാർ നൽകിവരുന്ന സബ്സിഡി നിരക്കിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സൗര രണ്ടാംഘട്ട പദ്ധതി. സബ്സിഡി പദ്ധതിയിൽ 2019-20 വർഷത്തിൽ 2955 നിലയങ്ങൾക്കു വേണ്ടി 10.2 മെഗാവാട്ട് ശേഷിക്ക് മൂന്ന് ഡെവലപ്പേഴ്സിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 299 നിലയങ്ങൾ (1250 കിലോവാട്ട്) പൂർത്തീ കരിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി 2020-21 വർഷത്തേക്കുള്ള എം-പാനൽ ലിസ്റ്റ് 2021 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും 5220 നിലയങ്ങൾക്ക് 23.6 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്കായി കൂട്ടുതൽ കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി സെപ്റ്റംബർ മാസത്തിൽ ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അനെർട്ട് മുഖാന്തിരം ഈ വർഷം 25 മെഗാവാട്ട് സ്ഥാപിക്കുന്നതിന് കെ. എസ്. ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ